അടിയന്തര ചോദ്യം

റോഡപകടം സംഭവിച്ചവർക്ക് അടിയന്തര ചികിത്സ

ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങളിൽപ്പെട്ട് അടിയന്തര ചികിത്സ ലഭിക്കാത്തതുകൊണ്ട് മരണപ്പെടുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപകടത്തിൽപ്പെടുന്നവർക്ക് സ്വകാര്യ ആശുപത്രികളിലും അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിനായി റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിക്കുവാൻ അനുമതി നൽകുമോ;

(സി) റോഡപകടത്തിൽപ്പെട്ട് സ്വകാര്യ ആശുപത്രിയിലെത്തിക്കുന്നവർക്ക് പണമില്ലാത്തതിന്റെ പേരിൽ അടിയന്തര ചികിത്സ നിഷേധിക്കുന്ന സ്വകാര്യ ആശുപത്രികൾക്കെതിരെ നടപടി സ്വീകരിക്കുവാൻ മതിയായ നിയമങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ മതിയായ നിയമനിർമ്മാണം നടത്തുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സയ്ക്കായി റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിക്കുവാൻ നിയമത്തിൽ നിലവിൽ വ്യവസ്ഥയില്ല.

(സി) റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സ നിഷേധിക്കുന്ന സ്വകാര്യ ആശുപത്രികൾക്കെതിരെ നടപടിയെടുക്കാൻ നിലവിൽ നിയമമില്ല. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്റെ [Pt. Parmanand Kerala vs Union of India (AIR 1989 Supreme Court 2039)-ൽ] അടിസ്ഥാനത്തിൽ റോഡപകടങ്ങളിൽപ്പെടുന്നവർക്ക് സ്വകാര്യ ആശുപത്രികളിൽ അടിയന്തര ചികിത്സ നൽകണമെന്നും അത് നിരസിക്കുന്നപക്ഷം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുമെന്നും കാണിച്ച് റോഡ് സുരക്ഷാ കമ്മീഷണർ കേരള പ്രൈവറ്റ് ഹോസ്പിറ്റൽ അസോസിയേഷൻ പ്രസിഡന്റിനും ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (കേരള) പ്രസിഡന്റിനും കത്ത് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ഹംസ : സർ, ഏറ്റവും കൂടുതൽ റോഡപകടങ്ങൾ നടക്കുന്ന സംസ്ഥാനമാണ് കേരളം. കഴിഞ്ഞവർഷം 36282 അപകടങ്ങളിലായി 4049 മരണങ്ങൾ നടന്നു. ഇത്തരം സന്ദർഭത്തിൽ ചില മരണങ്ങൾ നമുക്ക് ഒഴിവാക്കാമായിരുന്നു. വളരെ കൃത്യമായി ചികിത്സ ലഭിച്ചിരുന്നുവെങ്കിൽ റോഡപകടങ്ങളിൽപ്പെട്ട പലരും മരണത്തിൽനിന്ന് രക്ഷപ്പെടുമായിരുന്നു. ഇത്തരം അടിയന്തര ചികിത്സയ്ക്കായി റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിക്കാൻ കഴിയുമോ എന്നുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അതിന് നിലവിൽ നിയമമില്ല എന്നാണ്. നിയമഭേദഗതി വരുത്തി റോഡ് സുരക്ഷാ ഫണ്ട് അടിയന്തര ചികിത്സയ്ക്കായി ഉപയോഗിക്കാനുള്ള സംവിധാനം കളക്ടറെയോ ജോയിന്റ് ആർ.ടി.ഒ.-മാരെയോ ഉൾപ്പെടുത്തി നടപ്പാക്കുമോ? മറ്റൊന്ന്, അടിയന്തര ചികിത്സ ലഭിക്കാനായി ആശുപത്രിയിൽ എത്തിച്ചാൽ ഇവർ അനാഥരാണെന്നും ഇവരോടൊപ്പം സമ്പന്നരില്ലെന്നും അറിഞ്ഞാൽ സ്വകാര്യ ആശുപത്രികൾ ചികിത്സ നിഷേധിക്കുകയാണ് ചെയ്യുന്നത്. എന്റെ നാട്ടിൽ ഒരു വിദ്യാർത്ഥി അടിയന്തര ചികിത്സ ലഭിക്കാതെ മണിക്കൂറുകളോളം ആശുപത്രിയിൽ കിടന്ന് മരണപ്പെട്ട അനുഭവമുണ്ട്. സ്വകാര്യ ആശുപത്രികൾ ചികിത്സ നിഷേധിച്ചാൽ പ്രോസിക്യൂഷൻ നടപടിയെടുക്കണമെന്ന് സുപ്രീംകോടതി പറഞ്ഞിട്ടും നിയമമില്ല എന്ന പോരായ്മയുണ്ട്; അതിന് നിയമം കൊണ്ടുവരുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അതാണ് അങ്ങയുടെ ചോദ്യത്തിന് ഞാൻ ഉത്തരം പറഞ്ഞത്. റോഡപകടങ്ങളിൽപ്പെട്ടവർക്ക് അടിയന്തര ചികിത്സ ലഭ്യമാക്കാത്ത സ്വകാര്യ ആശുപത്രികൾക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതാണെന്ന് സൂചിപ്പിച്ചുകൊണ്ട് നേരത്തെതന്നെ കത്തുകൾ അയച്ചിട്ടുണ്ട്. ഐ.എം.എ.-യെയും വിവരം അറിയിച്ചിട്ടുണ്ട്. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ റോഡപകടങ്ങളിലെ മരണത്തിന്റെ തോത് കുറഞ്ഞുവരികയാണ്. 2014 മേയ് മാസത്തിൽ 395 പേരാണ് മരണമടഞ്ഞതെങ്കിൽ 2015-ൽ അത് 358 ആയി കുറഞ്ഞിട്ടുണ്ട്. 37 മരണങ്ങളുടെ കുറവാണുള്ളത്. 2014 ജൂലൈ മാസത്തിൽ 147 മരണങ്ങളാണ് നടന്നതെങ്കിൽ, ഈ മാസത്തിൽ ഇതുവരെയുള്ള കണക്കനുസരിച്ച് 8 എണ്ണം കുറഞ്ഞ് 139 പേരാണ് മരണമടഞ്ഞത്. മരണനിരക്ക് കുറഞ്ഞുവരുന്ന സന്തോഷകരമായ സാഹചര്യമാണുള്ളത്. അത് നിലനിർത്തുന്നതിനോ കുറച്ചുകൊണ്ടു വരുന്നതിനോ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. മാത്യു. ടി. തോമസ് : സർ, റോഡപകടങ്ങളിൽപ്പെടുന്നവരെ സഹായിക്കുന്നവർ കേസുകളും മറ്റുമായി ബുദ്ധിമുട്ടുന്നതൊഴിവാക്കാൻ നടപടികൾ സ്വീകരിക്കാമെന്ന് നേരത്തെ സഭയിൽ പറഞ്ഞിരുന്നു. അടിയന്തര ചികിത്സ ലഭ്യമാക്കുന്ന ആളുകൾ നിരവധി നാളുകൾ കേസുമായി ബന്ധപ്പെട്ട് സാക്ഷി പറയാനായി ബുദ്ധിമുട്ടുന്ന അവസ്ഥ ഇപ്പോഴും തുടരുന്നുണ്ട്. ആ അവസ്ഥ ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ രണ്ട് പ്രശ്നങ്ങളാണുള്ളത്. ഒന്ന് അപകടമുണ്ടാകുമ്പോഴുള്ള ഇമ്മീഡിയറ്റ് റെസ്പോൺസും മറ്റൊന്ന് ആശുപത്രിയിൽ എത്തിയതിനുശേഷമുള്ള ചികിത്സയുമാണ്. ഇമ്മീഡിയറ്റ് റെസ്പോൺസിന്റെ കാര്യത്തിൽ പലപ്പോഴും ആളുകൾ ഒഴിവായിപ്പോകുന്ന ദുഃഖകരമായ സാഹചര്യമാണുള്ളത്. ആശുപത്രിയിൽ ചെന്നുള്ള ചികിത്സയ്ക്ക് ആവശ്യമായ നടപടിയുണ്ടാകും. ചികിത്സ സൗജന്യമാക്കുമെന്നത് സംബന്ധിച്ച് പ്രധാനമന്ത്രിയുടെ പ്രസ്താവന പത്രത്തിൽ വായിച്ചിരുന്നു. അങ്ങനെ ഇന്ത്യാ ഗവൺമെന്റ് ഒരു നയം കൊണ്ടുവന്നാൽ നമുക്കത് ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കും.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് നവീകരണം

3(*603) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് നവീകരിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഉണ്ട്.

(ബി&സി) സ്വന്തമായി സ്ഥലവും കെട്ടിടവും ഒരുക്കിത്തരുന്ന സ്ഥലങ്ങളിൽ പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി 2015-16 സാമ്പത്തിക വർഷത്തിൽ ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനായി 27.28 കോടി രൂപയ്ക്ക് ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ അഗ്നിശമന സേനാംഗങ്ങളുടെ സുരക്ഷയ്ക്കും അപകടത്തിൽപ്പെടുന്നവരെ രക്ഷപ്പെടുത്തുന്നതിനും ഉതകുന്ന ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിലേക്ക് അടിയന്തര സഹായമായി